# തിരുവിതാംകൂർ ദേവസ്വം ബോർഡ്

''സ്വാമി ശരണം''

ഡിഎ.നം.874/24/B2/NPS

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി:01 /02/2024

എല്ലാ ആഫീസ് മേധാവികൾക്കും

## സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരിൽ ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരെയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാക്കേണ്ടതും അവർക്ക് PRAN ലഭ്യമാക്കി അവരുടെ മാസവിഹിതം അതാത് PRAN കളിൽ യഥാസമയം ഒടുക്ക് വരുത്തിക്കേണ്ടത് എല്ലാ ആഫീസ് മേധാവികളുടെയും ചുമതലയാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാക്കേണ്ട മുഴുവൻ ജീവനക്കാർക്കും PRAN ലഭ്യമായിട്ടുണ്ടോ എന്ന് അതാത് ആഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതും പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരുടെയും കൂടാതെ ഇനിയും PRAN ലഭിക്കാത്തവരുടെയും (ന്യൂനത പരിഹരിക്കേണ്ടവ ഉൾപ്പെടെ) ബന്ധപ്പെട്ട രേഖകൾ സമയാസമയം നോഡൽ ആഫീസിലേയ്ക്ക് (ദേവസ്വം കമ്മീഷണർ ആഫീസ്) അയച്ചു നൽകണം. കൂടാതെ PRAN ലഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ ലിസ്റ്റ് ഉടനടിതന്നെ ദേവസ്വം അക്കൗണ്ട്സ് ആഫീസിലേയ്ക്ക് അയയ്ക്കണം.

പല ആഫീസുകളിൽ നിന്നും ജീവനക്കാരുടെ പ്രാൺകിറ്റുകൾ ഏറ്റുവാങ്ങിയിട്ടില്ലായെന്ന് കാണുന്നു. ആയത് അടിയന്തിരത്തിൽ ഏറ്റുവാങ്ങി പരമാവധി ന്യൂനതകൾ ഒഴിവാക്കുവാൻ ബന്ധപ്പെട്ട ആഫീസ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ